**<u>ഭരണഭാഷ മാതൃഭാഷ</u>**

എച്ച്2/19500/2019/ഡിപിഐ

പൊതുവിദ്യാഭ്യാസ ഡയരക്ടറുടെ കാര്യാലയം
തിരുവനന്തപുരം തിയ്യതി 29/6/2019

പ്രേഷിതാവ്

പൊതു വിദ്യാഭ്യാസ ഓഫീസർ
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ സമന്വയ സംസ്ഥാന, ജില്ലാ നോഡൽ ഓഫീസർമാർക്കും

വിഷയം: പൊവി– സമന്വയ – തസ്തിക നിർണ്ണയം നിയമനാംഗീകാരം എന്നിവ ഓൺലൈൻ ആയി നടത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന: 26/6/2019 ലെ ഇതേ നമ്പർ പരിപത്രം

2019–20 വർഷത്തെ തസ്തിക നിർണയവും നിയമനാംഗീകാരവും സമന്വയ സോഫ്റ്റ് വെയർ മുഖാന്തരം നടത്തുവാനുള്ള നിർദ്ദേശം നൽകിയിരുന്നു. 27–6–2019 മുതൽ സമന്വയ പോർട്ടലിൽ സംഭവിച്ച അപ്രതീക്ഷിത സാങ്കേതിക തകരാർ മൂലം പ്രധാനാധ്യാപകർക്ക് തസ്തിക നിർണയ അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ കൈറ്റിലെ സാങ്കേതിക വിദഗ്ധർ വളരെ പെട്ടെന്നു തന്നെ സമന്വയ പോർട്ടലിലെ സാങ്കേതിക പിഴവുകൾ പരിഹരിക്കുകയും അപേക്ഷ സമർപ്പിക്കുന്നതിന് സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച കൂടുതൽ നിർദ്ദേശങ്ങൾ ഇതോടൊപ്പം നൽകുന്നു.

1. സംപൂർണയിൽ നിന്നുള്ള വിവരങ്ങൾ (കുട്ടികളുടെയും സ്റ്റാഫിന്റെയും) സമന്വയയിലേക്ക് **Sync** ചെയ്തിട്ടുണ്ട്. ആയതിനാൽ ഇനി മുതൽ സംപൂർണയിൽ ചേർക്കുന്ന/മാറ്റുന്ന വിവരങ്ങൾ സമന്വയയിൽ ലഭ്യമാവുന്നതല്ല. ഇത്തരം വിവരങ്ങൾ സമന്വയയിൽ തന്നെ മാറ്റം വരുത്തേണ്ടതാണ്.
2. സമന്വയയിലെ **strength details** എന്ന ടാബിൽ ആറാം പ്രവൃത്തി ദിനത്തിലെ യുഐഡി/ഇഐഡി ഉള്ള കുട്ടികളുടെ എണ്ണത്തിൽ വ്യത്യാസം കാണുന്ന പക്ഷം ആയത് തിരുത്തുന്നതിന് പ്രധാനാധ്യാപകന് സൗകര്യം ലഭ്യമാണ്. ഇങ്ങനെ എഡിറ്റ് ചെയ്ത വിവരം പരിശോധിക്കുന്നതിന് ഓഫീസുകളിൽ സാധ്യമാണ്.
3. ഓരോ വിദ്യാഭ്യാസ ഓഫീസിനു കീഴിലും (എഇഒ, ഡിഇഒ) സമന്വയയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു ജീവനക്കാരന് ചുമതല നൽകേണ്ടതും അവരുടെ

മൊബൈൽ നമ്പർ അടക്കമുള്ള വിശദാംശങ്ങൾ, പെഴ്സണൽ അസിസ്റ്റന്റ്/സീനിയർ സൂപ്രണ്ട് എന്നിവരുടെ മൊബൈൽ നമ്പർ എന്നിവ സഹിതം ജില്ലാ നോഡൽ ഓഫീസറെ 1/7/2019 നകം അറിയിക്കേണ്ടതാണ്. അതാത് ഓഫീസിന് കീഴിലെ സ്കൂളുകളിലെ സമന്വയയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനുള്ള പൂർണ ഉത്തരവാദിത്തം ഈ ജീവനക്കാരനായിരിക്കും. ഈ പ്രവർത്തനങ്ങൾ യഥാ സമയം സീനിയർ സൂപ്രണ്ട്/പിഎ എന്നിവർ മോണിറ്റർ ചെയ്യേണ്ടതാണ്. ഓഫീസ് തലത്തിൽ പരിഹരിക്കപ്പെടാൻ സാധിച്ചില്ലെങ്കിൽ മാത്രമേ അക്കാര്യം ജില്ലാ നോഡൽ ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതുള്ളൂ. **സംസ്ഥാന/ജില്ലാ നോഡൽ ഓഫീസർമാരായി പ്രവർത്തിക്കുന്നവർക്ക് ഓഫീസുകളിലെ ചുമതല നൽകാൻ പാടുള്ളതല്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

4. മാനേജർമാർക്കുള്ള യൂസർ ഐഡിയും പാസ്സ്‌വേർഡും നൽകാത്ത വിദ്യാഭ്യാസ ഓഫീസർമാർ 1/7/2019 ന് തന്നെ അവ നൽകേണ്ടതാണ്. ഈ വിഷയത്തിൽ ഇനി എന്തെങ്കിലും പരാതികൾ ലഭിക്കുകയാണെങ്കിൽ ആയതിന്റെ പൂർണ ഉത്തരവാദി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ മാത്രമായിരിക്കും.

5. ഓരോ വിദ്യാഭ്യാസ ഓഫീസിലെയും ജീവനക്കാരുടെയും മാനേജർമാരുടെയും യൂസർ പാസ്സ്‌വേർഡ് ആവശ്യമെങ്കിൽ റീസെറ്റ് ചെയ്യേണ്ടതും അവരുടെ വിവരങ്ങൾ എഡിറ്റ് ചെയ്യേണ്ടതും അതാത് വിദ്യാഭ്യാസ ഓഫീസർമാർ ആണ്. ഇക്കാര്യത്തിന് നോഡൽ ഓഫീസർമാരെ സമീപിക്കേണ്ടതില്ല.

6. തസ്തികനിർണ്ണയം പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പ്രഥമാധ്യാപകർക്ക് 5-7-2019 വരെ സമയം അനുവദിക്കുന്നു. എന്നാൽ അവസാന ദിവസം വരെ കാത്തിരിക്കാതെ സ്കൂൾ അധികൃതർ എത്രയും വേഗം അപേക്ഷ സമർപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. സ്കൂളിൽ നിന്ന് അപേക്ഷ ലഭിക്കുന്നതിനനുസരിച്ച് വിദ്യാഭ്യാസ ഓഫീസുകളിൽ നിന്ന് ഫയലുകൾ പ്രോസസ്സ് ചെയ്യേണ്ടതും ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

7. എല്ലാ സ്കൂളുകളിലെയും തസ്തികനിർണയ ഉത്തരവുകൾ 12-7-2019 നകം തന്നെ വിദ്യാഭ്യാസ ഓഫീസർമാർ പുറപ്പെടുവിക്കേണ്ടതാണ്.

2019-20 വർഷത്തെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു

ജെസ്സി ജോസഫ്

പൊതു വിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ(ജനറൽ)

പകർപ്പ്

എല്ലാ മാനേജർമാർക്കും (അതാത് വിദ്യാഭ്യാസ ഓഫീസർ മുഖേന)

എല്ലാ പ്രധാനാധ്യാപകർപ്പം (അതാത് വിദ്യാഭ്യാസ ഓഫീസർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ &വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര

(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)